


# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## മാളയിലെ ജൂതസ്മാരകങ്ങൾ സംരക്ഷിക്കണം

**പ്രാദേശികമായ** എതിർപ്പിനെ മറികടന്ന് മാളയിലെ യഹൂദ ശ്മശാനത്തിൽ കോടികളുടെ നിർമ്മാണപ്രവർത്തനം നടത്താനൊരുങ്ങുകയാണ് ടൂറിസം ഡിപ്പാർട്ട്മെന്റ്. ആയിരം വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെത്തിയ യഹൂദ ജനതയെ ഇരുകൈയും നീട്ടി സ്വീകരിച്ചവരാണ് മാളയിലെ പൂർവ്വികർ. ഇസ്രയേൽ രൂപീകരണത്തോടെ അവിടേക്ക് തിരിച്ച യഹൂദർ തങ്ങളുടെ സിനഗോഗും ശ്മശാനവും പഞ്ചായത്തിനെ സംരക്ഷിക്കാനേൽപ്പിച്ചു. 1955ൽ മാളയിൽ നിന്നും അവസാനത്തെ ജൂതസംഘം വാഗ്ദത്ത ഭൂമിയിലേക്ക് പോയത് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ആത്തപ്പിള്ളി ജോസഫുമായി ഒരു കാരാറുണ്ടാക്കിയ ശേഷമാണ്. പള്ളി ട്രസ്റ്റിമാർ എന്ന നിലയ്ക്ക് മൂന്ന് ജൂതർ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ അംഗീകരിച്ചാണ് സിനഗോഗിന്റെയും ശ്മശാനത്തിന്റെയും താക്കോൽ അവരിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റ് സ്വീകരിച്ചത്. ഇവ സംരക്ഷിക്കണമെന്നായിരുന്നു കരാറെങ്കിലും പിന്നീടുവന്ന പഞ്ചായത്ത് അധികാരികൾ അതെല്ലാം ലംഘിച്ചു. പകുതിയിലേറെ കളിസ്ഥലമാക്കി. അവശേഷിക്കുന്ന ഒരേക്കറിലാണ് രണ്ട് കോടിയോളം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ പോകുന്നത്. നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മാളയ്ക്ക് ആശ്വാസമേകുന്ന ഒരു ഹരിതതുരുത്തായി ഈ സ്മാരകം സംരക്ഷിക്കുന്നതിന് പകരം ഹരിത എം.എൽ.എയും നിർമ്മാണപ്രവർത്തനത്തിന്റെ വക്താവായി മാറി. ആയിരത്തിലേറെ വർഷം ഈ നാട്ടിൽ കേരളീയരായി കഴിഞ്ഞ ഒരു ജനതയുടെ തിരുശേഷിപ്പുകൾ സംരക്ഷണം അർഹിക്കുന്നുണ്ട്. ഈ സ്മാരകങ്ങൾ പുരാവസ്തുവകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് മാളയിൽ പൈതൃക സംരക്ഷണ സമിതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**പ്രൊഫ. കുസുമം ജോസഫ്, മാള, തൃശൂർ**

## കസബിനെ കൊന്നത് ആർക്കുവേണ്ടി?

**പരസ്യമായി** നടന്ന കുറ്റകൃത്യത്തിന് നിയമത്തിന്റെയും തെളിവുകളുടെ അടിസ്ഥാനത്തിൽ സുതാര്യമായ വിചാരണ നടത്തിയിട്ടും മുംബൈ ഭീകരാക്രമണ കേസിലെ അജ്മൽ കസബിനെ അതീവ രഹസ്യമായി തൂക്കിക്കൊന്നുകൊണ്ട് ഇന്ത്യ വിധ്വംസക പ്രവർത്തനം നടത്തുന്ന ഭീകരന്മാരേക്കാൾ തരം താണിരിക്കുന്നു. ദയാഹർജിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വളരെ വേഗത്തിൽ രഹസ്യമായി പൂർത്തിയാക്കി, സർക്കാർ നടത്തിയ 25 വയസ്സുകാരന്റെ ഈ വധശിക്ഷ ഏത് താത്പര്യങ്ങൾ സംരക്ഷിക്കാനാണെങ്കിലും പരുക്കേറ്റത് നമ്മുടെ ജനാധിപത്യ പാരമ്പര്യത്തിന് തന്നെയാണ്. വധശിക്ഷയ്ക്കെതിരെ ലോകമെമ്പാടും ഉയർന്നുവരുന്ന മനുഷ്യാവകാശപരമായ ഉണർവിനെ അവഗണിച്ചുകൊണ്ട് ഇന്ത്യ അന്താരാഷ്ട്ര സമൂഹത്തിന് മുന്നിലും അപമാനിതയായിത്തീർന്നിരിക്കുന്നു.

ആഗോളതലത്തിൽ ഭൂരിപക്ഷം രാജ്യങ്ങളും വധശിക്ഷ ഉപേക്ഷിച്ച സാഹചര്യത്തിൽ ഇവിടെയും വധശിക്ഷയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി പൗരാവകാശ സംഘടനകൾ സജീവമായി രംഗത്തുണ്ടായിരുന്നു. അവരും അവഗണിക്കപ്പെട്ടു. ചില കേസുകളിൽ വിവിധ സംസ്ഥാന നിയമസഭകൾ വധശിക്ഷയെ എതിർത്തുകൊണ്ട് രംഗത്ത് വരുന്ന സാഹചര്യവും ഇന്ത്യയിൽ ഈ കിരാത ചിന്താഗതിക്ക് മാറ്റമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്ന സമയത്ത് നടന്ന കസബിന്റെ വധശിക്ഷ വീണ്ടുവിചാരങ്ങളെ തകർത്തുതരിപ്പണമാക്കിയിരിക്കുന്നു. ജുഡീഷ്യറിയുടെ ഭാഗത്ത് നിന്നും ആശാവഹമായ ഇടപെടലുകളുണ്ടായിട്ടുണ്ട്. ഗുജറാത്തിലെ നരോദപാട്യ കൂട്ടക്കൊല കേസിൽ വധശിക്ഷ വിധിക്കാൻ ആദർശപരമായ കാരണങ്ങളാൽ വിചാരണക്കോടതി വിസമ്മതിച്ചത് അതിനുദാഹരണമാണ്. എന്നിട്ടും ദയാഹർജി എന്ന തീർത്തും മനുഷ്യത്വവിരുദ്ധമായ അധികാരത്തിന്റെ പേരിൽ രാഷ്ട്രപതിയും സർക്കാറും ചെന്ന് ജനാധിപത്യ വ്യവസ്ഥയെ ആകെ വഞ്ചിരിക്കുന്നു. സങ്കുചിത ദേശീയ വികാരം ഇളക്കിവിട്ട് സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഹിന്ദുത്വശക്തികളാണ് സർക്കാറിന്റെ ഈ ചെയ്തിയിൽ നേട്ടമുണ്ടാക്കിയിരിക്കുന്നത്. (ബാൽതാക്കറെ മരിച്ചതിന്റെ ദുഃഖം മാറിയിരുന്നില്ലെങ്കിലും ബോംബെയിലെ തെരുവുകളിൽ ശിവസേനക്കാർ പടക്കം പൊടിച്ചും മധുരം വിതരണം ചെയ്തും കസബിന്റെ വധശിക്ഷ ആഘോഷിച്ചത് ഓർക്കുക). പോളിഗ്രാഫ് ടെസ്റ്റിൽ (നുണപരിശോധന), ദാരിദ്രമായിരുന്നു തന്റെ പ്രശ്നം എന്ന സത്യമാണ് കസബ് അന്വേഷണ ഉദ്യോഗസ്ഥരെ ബോധിപ്പിച്ചത്. ഭക്ഷണം തന്നവർക്കൊപ്പം താൻ പോയെന്നുമാത്രമാണ് അയാൾ പറഞ്ഞത്. ദാരിദ്രത്തെ അവിടെ ഭീകരർ മുതലെടുത്തെന്ന് മാത്രം, ഇവിടെ സർക്കാർ മുതലെടുക്കുന്നതുപോലെ.

**ജോൺസി മറ്റത്തിൽ, പാലാ, കോട്ടയം**

## നിയോഗിയുടെ നിയോഗം

**ശങ്കർഗുഹാ** നിയോഗിക്ക് സമർപ്പിച്ച കേരളീയം ലക്കം (2012 സെപ്തംബർ - ഒക്ടോബർ) നന്നായി. തൊഴിലാളികളുടെ സർവതോന്മുഖമായ ഉയർച്ചയായിരുന്നു നിയോഗിയുടെ ലക്ഷ്യം. തൊഴിലാളികളുടെയും ആദിവാസികളുടെയും ന്യായമായ സമരങ്ങളെ ക്രൂരമായി അടിച്ചമർത്തുമ്പോഴാണ് അതിന് ബദലായി നക്സൽ ഹിംസ വളരുന്നത്. നക്സലിസത്തെ എതിർക്കേണ്ടത് തൊഴിലാളികളുടെ ജീവിതനിലവാരവും കൂലിയും അടിസ്ഥാന സൗകര്യങ്ങളും ഉയർത്തിക്കൊണ്ടുവേണം. തൊഴിൽ സമരം നടത്തൽ മാത്രമല്ല തൊഴിലാളി സംഘടന ചെയ്യേണ്ടത് എന്ന് നിയോഗി പഠിപ്പിച്ചു. കൂലികൂട്ടുന്നതിനൊപ്പം തന്നെ വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിച്ചാൽ മാത്രമെ തൊഴിലാളിക്ക് ആത്മാഭിമാനത്തോടെ ജീവിക്കാനാകൂ. നിയോഗി ജീവൻ ബലികൊടുത്തത് ഏത് ആശയത്തിനാണോ അത് ഇന്നും പ്രസക്തമായി തുടരുന്നു.

**മാധവദാസ്, അമലനഗർ, തൃശൂർ**